DESPATCHED
C - 18/12/21




സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **CP No.941(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 15566/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജോസ് എം.എ,
മേപ്പുള്ളി (വീട്),
പരിയാരം (പി.ഒ).
തൃശ്ശൂർ - 680 721.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ്മാസ്റ്റർ,
സെ: സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി
സ്കൂൾ, കുറ്റിക്കാട്,
കുറ്റിക്കാട് (പി.ഒ),
തൃശ്ശൂർ - 680 724
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 16/09/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17/09/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 25/09/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 27/09/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29/11/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/12/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 19/11/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ജോസ് എം.എ, 25/09/2019 തീയതി സമർപ്പിച്ച പരാതി 27/09/2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 941(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 02/08/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 01/06/2011 മുതൽ 15/07/2016 വരെ സെ. ജോർജ്ജ് യു.പി. സ്കൂളിൽ കോർപ്പറേറ്റ് മാനേജരുടെ ഉത്തരവ് വഴി ശമ്പള സ്കെയിൽ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളതും, സ്കൂൾ സ്റ്റാഫ് ഹാജർ പുസ്തകത്തിൽ ക്രമമായി ഒപ്പുവെച്ച് ജോലിയിൽ ഉണ്ടായിരുന്നതുമായ അപ്പർ പ്രൈമറി സഹ അധ്യാപകരുടെ വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

മേൽപ്പടി അപേക്ഷയിന്മേൽ 17/09/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി 12/12/2019-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 02/08/2019-ൽ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം ഹെഡ്മാസ്റ്റർക്ക് അപേക്ഷ നൽകിയിട്ടുള്ളതും, ടി അപേക്ഷയിൽ മേൽ അപേക്ഷകൻ ഒപ്പ് വെച്ചിട്ടില്ലാത്തതിനാൽ അപേക്ഷ പരിഗണിച്ചിട്ടില്ലാത്തതാകുന്നുവെന്നും, തുടർന്ന് ടിയാൻ വിവരാവകാശ നിയമ പ്രകാരം 16/09/2019 തീയതി മേൽ അപേക്ഷയുടെ തുടർച്ചയായി ഓർമപ്പെടുത്തൽ ആയി മറ്റൊരു അപേക്ഷ സ്റ്റാമ്പ് പതിക്കാതെ അയച്ചിട്ടുള്ളതാകുന്നുവെന്നും ആയതിനെ തുടർന്ന് എതിർകക്ഷി ടിയാന് 17/09/2019 തീയതി മറുപടി അയച്ചിട്ടുണ്ടെന്നും ടി മറുപടിയിൽ ടിയാന്റെ 02/08/2019 അപേക്ഷയിലെ അപാകതയും 16/09/2019-ലെ റീമൈൻഡർ അപേക്ഷകളിൽ നിയമപ്രകാരം ഒടുക്കേണ്ടതായ കോർട്ട് ഫീ അടച്ചില്ല എന്നും ആയതുകൊണ്ട് ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന് കാണിച്ച് മറുപടി നൽകിയിട്ടുണ്ടെന്നും, എന്നാൽ നിയമാനുസൃതമായ അപേക്ഷ നൽകാതെ അപ്പീൽ വാദി യാതൊരു ഉത്തമവിശ്വാസവുമില്ലാതെ സത്യസംഗതികൾ മറച്ചുവെച്ചും കമ്മീഷൻ മുമ്പാകെ 29/11/2019-ൽ അപ്പീൽ ഫയൽ ചെയ്യുകയും, നിയമപ്രകാരമുള്ള അപേക്ഷയിൽ ടി സ്ഥാപനത്തിൽ നിന്നും നിയമപ്രകാരം ലഭ്യമായ രേഖകൾ നൽകുവാൻ സ്ഥാപനത്തിന്റെ ഹെഡ്മാസ്റ്റർ തയ്യാറാണെന്നും ആയതിനാൽ ടി കാര്യകാരണങ്ങൾ കണക്കിലെടുത്ത് ടിയാന്റെ അപ്പീൽ തള്ളി ഉത്തരവുണ്ടാകണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ടിയാൻ കമ്മീഷൻ മുമ്പാകെ 12/12/2019–ൽ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 29–ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV